I.ഇ.ബി. XIIകേരള നിയമസഭ/XI-14

**പന്ത്രണ്ടാം കേരള നിയമസഭ**

പതിനൊന്നാം സമ്മേളനം

**നിയമസഭാ നടപടികൾ-സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2009 ജൂലായ് 10, വെള്ളി

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**ശ്രദ്ധ ക്ഷണിക്കൽ**

(1) റിവർ മാനേജുമെന്റ് അതോറിറ്റി

ശ്രീ. വി.ഡി. സതീശൻ: കേരളത്തിലെ നദികളുടെ മലിനീകരണം വളരെ ഗുരുതരമായ ഒരു പ്രശ്നമായി മാറുകയും ഇതിന്റെ ഫലമായി ജലജന്യ രോഗങ്ങൾ പടർന്നുപിടിക്കുകയുമാണ്. ഏറ്റവുംവലിയ ജലസ്രോതസ്സായ പെരിയാർ വിഷലിപ്തമായി മാറിക്കൊണ്ടിരിക്കുകയാണ്. പല തരത്തിലുള്ള മാലിന്യങ്ങൾ ഒഴുക്കിവിടുന്നതിന്റേയും നിക്ഷേപിക്കപ്പെടുന്നതിന്റേയും ഫലമായി ക്വാളിഫോം ബാക്ടീരിയയുടെ അളവ് ഗുരുതരമായ നിലയിൽ വർദ്ധിക്കുന്നുണ്ടെന്നാണ് പരിശോധനകൾ തെളിയിക്കുന്നത്. പെരിയാറിന്റെ തീരത്ത് പ്രവർത്തിക്കുന്ന ഫാക്ടറികളെല്ലാം നിലനിർത്തിക്കൊണ്ടുതന്നെ ആ മേഖലയിലെ ജനങ്ങളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തണം. സുപ്രീംകോടതി നിർദ്ദേശിച്ച മലിനീകരണ നിയന്ത്രണ സംവിധാനങ്ങളുടെ ആവർത്തന

ചെലവ് വളരെ കൂടുതലായതുകൊണ്ട് പല സ്ഥാപനങ്ങളും അവ പ്രവർത്തിപ്പിക്കുന്നില്ല. ചെറുകിട സ്ഥാപനങ്ങൾക്ക് പൊതുവായ വേസ്റ്റ് മാനേജുമെന്റ് പ്ലാന്റുണ്ടാക്കണം. അനധികൃത മണൽ വാരൽമൂലം പെരിയാറിന്റെ വാട്ടർ ലെവൽ വളരെ താഴ്ന്നിരിക്കുന്നു. സീ ബെഡ്ഡിനേക്കാൾ റിവർ ബെഡ്ഡ് താഴെയായതുകൊണ്ട് വേനൽക്കാലത്ത് ഉപ്പുവെള്ളം കയറി ശുദ്ധജലവിതരണവും ജലസേചനവും നിർത്തിവയ്ക്കേണ്ട സാഹചര്യവും ഉണ്ടാകുന്നുണ്ട്. പല സ്ഥലങ്ങളിലും കരയിടിയുന്നത് ഭാവിയിൽ ഈ നദി ഗതിമാറി ഒഴുകുന്നതിന് കാരണമാകാം. നദി മലിനമാകുന്നത് തടയുന്നതിനും നിയമ ലംഘനം നടത്തുന്നവരെ ശിക്ഷിക്കുന്നതിനുമുള്ള പീനൽ പ്രൊവിഷൻസ് ശക്തിപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കണം. നദികളെ സംരക്ഷിക്കുന്നതിനായി പരിസ്ഥിതി പോലീസ് വിംഗും പരിസ്ഥിതി കോടതിയും രൂപീകരിക്കണം. പെരിയാർ മലിനീകരണ നിവാരണ പ്രവർത്തനങ്ങൾക്ക് വിവിധ വകുപ്പുകളുടേയും പരിസ്ഥിതി സംഘടനകളുടേയും പ്രവർത്തനം ഏകോപിപ്പിക്കുകയും സ്റ്റാറ്റ്യൂട്ടറി അധികാരത്തോടുകൂടിയ പെരിയാർ റിവർ അതോറിറ്റി രൂപീകരിക്കുകയും ആ അതോറിറ്റിയുടെ കോർപ്പസിലേയ്ക്ക് എറണാകുളം ജില്ലയിലേയ്ക്കുള്ള റിവർ മാനേജുമെന്റ് ഫണ്ടിന്റെ മൂന്നിൽ രണ്ട് ഭാഗം തുക പ്രാഥമിക പ്രവർത്തനങ്ങൾക്കായി കൈമാറുകയും വേണം.

റവന്യൂ വകുപ്പുമന്ത്രി <u>(ശ്രീ. കെ. പി. രാജേന്ദ്രൻ):</u> സംസ്ഥാനത്തെ നദികളുടെ സമഗ്രമായ സംരക്ഷണവും പരിപോഷണവും ഉദ്ദേശിച്ചു കൊണ്ടാണ് 2001-ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും നിയമവും അനുബന്ധ ചട്ടങ്ങളും തയ്യാറാക്കിയിട്ടുള്ളത്. പ്രസ്തുത ചട്ടങ്ങളുടെ കാര്യക്ഷമമായ നടത്തിപ്പിനായി നിരവധി

സർക്കുലറുകൾ ഇതിനകംതന്നെ ജില്ലാ കളക്ടർമാർക്ക് നൽകിയിട്ടുണ്ട്. ഓരോ മൂന്നു വർഷം കൂടുമ്പോഴും 'സെസ്സ്', സി.ഡബ്ല്യു.ആർ.ഡി.എം. എന്നിവയുടെ സഹായത്തോടെ സാന്റ് ആഡിറ്റിംഗ് നടത്തിയശേഷമേ കടവുകൾ അനുവദിക്കാവൂ എന്നാണ് നിയമം നിഷ്ക്കർഷിക്കുന്നത്. എന്നാൽ സ്റ്റാഫുകളുടേയും ഉപകരണങ്ങളുടേയും പരിമിതിമൂലം സാന്റ് ആഡിറ്റിംഗ് ഇതുവരെ നടപ്പിൽവരുത്താൻ കഴിഞ്ഞിട്ടില്ല. ഈ സാഹചര്യത്തിൽ അതാത് ജില്ലകളിൽ നിലവിലുള്ള എൻജിനീയറിംഗ് കോളേജുകളുടേയും സന്നദ്ധ സംഘടനകളുടേയും സഹായത്തോടെ സാന്റ് ആഡിറ്റിംഗ് നടത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. മണിമലയാറ്റിൽ സാന്റ് ആഡിറ്റിംഗ് 'സെസ്സ്' നടത്തിവരുന്നു. കണ്ണൂർ ജില്ലയിലേതിന് സി.ഡബ്ല്യു.ആർ.ഡി.എം-ന് അനുമതി നൽകിയിട്ടുണ്ട്. എന്നാൽ മണലിന്റെ വർദ്ധിച്ചുവരുന്ന ഉപഭോഗം സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ കൊണ്ടും ഇത് പ്രായോഗികമായി നടപ്പാക്കുന്നതിലുള്ള പ്രയാസവും കാരണം മേൽപ്പറഞ്ഞ നടപടികൾ കാര്യക്ഷമമായി നടപ്പിലാക്കാൻ നിയമത്തിൽ ഭേദഗതികൾ വരുത്തുന്നത് സംബന്ധിച്ച് ആലോചിച്ചുവരികയാണ്. മണലിന്റെ ബദൽ സ്രോതസ്സിനെക്കുറിച്ച് ശാസ്ത്രീയമായ അന്വേഷണവും പ്രവർത്തനങ്ങളും നടക്കുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇതുവരെ 66.8 കോടി രൂപ റിവർ മാനേജുമെന്റ് ഫണ്ട് ഇനത്തിൽ സ്വരൂപിക്കുകയും 79.5 കോടി രൂപയുടെ 431 പദ്ധതികൾക്ക് ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. നദികളുടെ സമഗ്രമായ സംരക്ഷണത്തിനുതകുന്ന തരത്തിൽ പദ്ധതികൾ ആവിഷ്കരിക്കുന്നതിനും റിവർ മാനേജുമെന്റ് ഫണ്ട് ഉപയോഗിച്ച് അവ നടപ്പിലാക്കുന്നതിനും മുന്തിയ പരിഗണനയാണ് നൽകിയിട്ടുള്ളത്.

ഓരോ നദിയേയും ഓരോ യൂണിറ്റായി കണക്കിലെടുത്ത് ജൈവപരമായ പദ്ധതികൾ റിവർ മാനേജുമെന്റ് ഫണ്ടിൽ നിന്ന് തുക വകയിരുത്തി ഫലപ്രദമായി നടപ്പിലാക്കാനാണ് ആലോചിക്കുന്നത്. പെരിയാറിന്റെ സംരക്ഷണത്തിന് റിവർ മാനേജുമെന്റ് ഫണ്ടിൽ നിന്ന് കൂടുതൽ തുക അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ട്. റിവർ മാനേജുമെന്റ് അതോറിറ്റി രൂപീകരിക്കുന്ന കാര്യം ബന്ധപ്പെട്ട വകുപ്പുകളുമായി ആലോചിച്ച് നിയമസഭ സബ്ജക്ട് കമ്മിറ്റിയിൽ ചർച്ച ചെയ്തശേഷം തീരുമാനിക്കാം.

(2) <u>കശുവണ്ടി വ്യവസായം നേരിടുന്ന പ്രതിസന്ധി</u>

<u>ശ്രീ. എൻ. അനിരുദ്ധൻ:</u> കേരളത്തിലെ അതിപ്രധാന പരമ്പരാഗത വ്യവസായമായ കശുവണ്ടി വ്യവസായം ആഗോള സാമ്പത്തിക മാന്ദ്യത്തിന്റെ തിക്തഫലങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. ഈ വ്യവസായം ഇന്ന് ആഭ്യന്തര കമ്പോളത്തെ ആശ്രയിക്കുകയാണ്. സ്വകാര്യ മേഖലയിലുള്ള കശുവണ്ടി ഫാക്ടറികളിലെ മാനേജുമെന്റുകൾ നിയമനിഷേധം നടത്തുകയും ഫാക്ടറികൾ പൂട്ടിയശേഷം കുടിവറുപ്പ് നടത്തുകയുമാണ്. മിനിമം കൂലി, ക്ഷാമബത്ത എന്നിവ നൽകാതിരിക്കുക, പി.എഫ്., ഇ.എസ്.ഐ. വിഹിതം അടയ്ക്കാതിരിക്കുക, ലീവ് വിത്ത് വേജസ്, ഹോളിഡേ വേജസ്, ബോണസ് എന്നിവ നിയമാനുസരണം നൽകാതിരിക്കുക, പിരിഞ്ഞുപോകുന്ന തൊഴിലാളികൾക്ക് ഗ്രാറ്റ്യുവിറ്റി നിഷേധിക്കുക തുടങ്ങിയ പ്രവർത്തനങ്ങളാണ് സ്വകാര്യ ഫാക്ടറികൾ നടത്തിക്കൊണ്ടിരിക്കുന്നത്. ഇത് അവസാനിപ്പിക്കാൻ അടിയന്തിരവും ഫലപ്രദവുമായ നടപടികളെടുക്കണം. പഞ്ചായത്തുകളുടേയും കൃഷി വകുപ്പിന്റേയും കൂട്ടായ പ്രവർത്തനത്തിലൂടെ കശുവണ്ടിയുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളെടുക്കണം. കാഷ്യൂ കോർപ്പറേഷനും

കാപ്പെക്സും ഉണ്ടാക്കുന്ന മൂല്യവർദ്ധിത ഉല്പന്നങ്ങൾക്ക് വേണ്ടത്ര പ്രചരണം നൽകുന്നതിനും ഈ സ്ഥാപനങ്ങളെ മാതൃകാ സ്ഥാപനങ്ങളാക്കി മാറ്റുന്നതിനുമുള്ള നടപടികൾ സ്വീകരിക്കണം. കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്ന കശുവണ്ടി ഫാക്ടറികളുടെ പ്രവർത്തനം നിലനിർത്തുന്നതിന് ഈ സ്ഥാപനങ്ങൾക്ക് കൂടുതൽ ധനസഹായം നൽകുകയും എൻഫോഴ്സ്മെന്റ് കമ്മിറ്റികൾ ഫലപ്രദമായി പ്രവർത്തിപ്പിക്കുകയും വേണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി. കെ. ഗുരുദാസൻ): ആഗോള സാമ്പത്തിക മാന്ദ്യവും കശുവണ്ടിയുടെ ആഭ്യന്തര ഉല്പാദനത്തിൽ വന്ന ഗണ്യമായ കുറവുംമൂലം കശുവണ്ടി വ്യവസായ മേഖലയിലുണ്ടായിരിക്കുന്ന പ്രതിസന്ധി തരണം ചെയ്യുന്നതിന് സർക്കാർ സത്വര നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. തോട്ടണ്ടിയുടെ ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി Kerala State Agency for Expansion of Cashew Cultivation (KSAECC) എന്ന ഏജൻസി രൂപീകരിച്ച് പഞ്ചായത്തുകളുടേയും കൃഷി വകുപ്പിന്റേയും വനം വകുപ്പിന്റേയും സഹായത്തോടുകൂടി കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചു വരികയാണ്. ഈ ഏജൻസിയെ നോഡൽ ഏജൻസിയായി നാഷണൽ ഹോർട്ടികൾച്ചർ മിഷൻ അംഗീകരിക്കുകയും നാല് വർഷംകൊണ്ട് നടപ്പിലാക്കേണ്ട ഒരു പദ്ധതിക്കുവേണ്ടി 58 കോടി രൂപ അനുവദിക്കുകയും ആദ്യ ഗഡുവായ 5 കോടി രൂപ നൽകുകയും നടപ്പ് സാമ്പത്തിക വർഷത്തെ പദ്ധതി നിർവ്വഹണത്തിനായി സംസ്ഥാന സർക്കാർ 3 കോടി രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. നിയമനിഷേധങ്ങൾ തടയുന്നതിനായി

കാഷ്യൂ സ്പെഷ്യൽ ഓഫീസറുടെ നേതൃത്വത്തിൽ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് സ്പെഷ്യൽ സ്ക്വാഡ് രൂപീകരിക്കുകയും നിയമലംഘനം നടത്തിയവർക്കെതിരെ കേസ്സെടുക്കുകയും ചെയ്തിട്ടുണ്ട്. ഫാക്ടറീസ് ആക്ടിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകൾ പൂർണ്ണമായും പാലിച്ചുകൊണ്ടുമാത്രമേ കശുവണ്ടി ഫാക്ടറികൾക്ക് ലൈസൻസ് നൽകാവൂ എന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കുടിവറുപ്പ് കേന്ദ്രങ്ങളിൽ റെയ്ഡുകൾ നടത്തിക്കൊണ്ടിരിക്കുകയാണ്. കാഷ്യൂ കോർപ്പറേഷന്റേയും കാപ്പെക്സിന്റേയും പദ്ധതി നിർവ്വഹണത്തിനായി യഥാക്രമം 24 കോടി രൂപയും 7 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. കാഷ്യൂ കോർപ്പറേഷൻ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫ്ളോറി ട്രേഡിന്റെ സഹായത്തോടെ മൂല്യവർദ്ധിത ഉല്പന്നങ്ങളുണ്ടാക്കി വിപണിയിലെത്തിച്ചിട്ടുണ്ട്. അന്താരാഷ്ട്ര നിലവാരമുള്ള പ്രൊഫഷണൽ മാർക്കറ്റിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കാഷ്യൂ കോർപ്പറേഷന്റെ നേതൃത്വത്തിൽ കശുമാങ്ങയിൽ നിന്ന് ബയോ ഡീസൽ ഉല്പാദിപ്പിക്കാനുള്ള ഗവേഷണവും ആരംഭിച്ചിരിക്കുകയാണ്. പിരിഞ്ഞുപോയ തൊഴിലാളികൾക്ക് ഗ്രാറ്റ്യുവിറ്റി കുടിശ്ശിക കൊടുക്കുന്നതിന് 2008-09-ൽ 6 കോടി രൂപയും 2009-10-ൽ 10 കോടി രൂപയും കാഷ്യൂ കോർപ്പറേഷനും കാപ്പെക്സിനും നൽകിയിട്ടുണ്ട്. കശുവണ്ടി വ്യവസായത്തെ സംരക്ഷിക്കാൻ അണ്ടിപ്പരിപ്പിന്റെ വില്പന നികുതി നാല് ശതമാനമായി വെട്ടിക്കുറച്ചിട്ടുണ്ട്. സ്വകാര്യ മേഖലയിൽ നിലനിൽക്കുന്ന നിയമനിഷേധത്തിനെതിരെ കർശന നടപടികൾ

സ്വീകരിക്കുന്നതാണ്. തൊഴിലാളി സംഘടനകളുടെ സഹകരണത്തോടുകൂടി എൻഫോഴ്സ്മെന്റ് കമ്മിറ്റികൾ ശക്തിപ്പെടുത്തുന്നതാണ്.

**സബ്മിഷൻ**

(1) ഗുരുവായൂർ-തിരുനാവായ താനൂർ പാത

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: ഗുരുവായൂർ-തിരുനാവായ താനൂർ പാതയുടെ സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ അടിയന്തിരമായി പരിഹരിക്കണം.

മുഖ്യമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): കേന്ദ്ര റെയിൽ മന്ത്രാലയം അംഗീകരിച്ച ഗുരുവായൂർ-തിരുനാവായ-താനൂർ റെയിൽവേ ലൈൻ തൃശ്ശൂർ ജില്ലയിൽക്കൂടിയാണ് കടന്നുപോകുന്നത്. തൃശ്ശൂർ ജില്ലയിലെ റെയിൽ അലൈൻമെന്റ് സംബന്ധിച്ച പ്രശ്നങ്ങൾ പരിഹരിച്ചിട്ടുണ്ട്. തിരുവനന്തപുരത്തെ പ്രോജക്ട് എൻജിനീയറിംഗ് ആന്റ് മാനേജുമെന്റ് സർവ്വീസ് അതിനുവേണ്ട ലൊക്കേഷൻ സർവ്വേ നടത്താൻ ശ്രമിച്ചപ്പോൾ മലപ്പുറം ജില്ലയിലെ തദ്ദേശവാസികളുടെ എതിർപ്പുണ്ടായിരിക്കുകയാണ്. ഈ സാഹചര്യം കേന്ദ്ര റെയിൽവേ സഹമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. തദ്ദേശവാസികളുടേയും ജനപ്രതി നിധികളുടേയും യോഗം വിളിച്ചുചേർത്ത് ചർച്ച നടത്തി ഒരാഴ്ചയ്ക്കുള്ളിൽ ഇക്കാര്യത്തിൽ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

(2) മൊബൈൽ ഫോണിന്റെ ദുരുപയോഗം

പ്രൊഫ. എൻ. ജയരാജ്: വിദ്യാലയങ്ങളിൽ മൊബൈൽ ഫോണുകളുടെ ദുരുപയോഗം നിയന്ത്രിക്കുന്നതിന് ശക്തമായ നിയമനിർമ്മാണം നടത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി): വിദ്യാലയങ്ങളിൽ മൊബൈൽ ഫോണുകളുടെ ദുരുപയോഗം തടയുന്നതിന് 01-03-2005-ൽ ഒരു ഉത്തരവ് നൽകുകയുണ്ടായി. ദുരുപയോഗം വർദ്ധിക്കുകയും നിരവധി സാമൂഹ്യ പ്രശ്നങ്ങൾ ഉടലെടുക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ സ്കൂളുകളിൽ മൊബൈൽ ഫോണും കോളേജുകളിൽ ക്യാമറാ ഫോണും കർശനമായി നിരോധിച്ചുകൊണ്ട് 24-06-05-ൽ വീണ്ടും ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. അധ്യാപകർ ക്ലാസ്സുകളിൽ മൊബൈൽ ഫോൺ കൊണ്ടുവരാൻ പാടില്ലെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും സ്ഥാപന തലത്തിലും റവന്യൂ തലത്തിലും ജില്ലകളിലും എഥിക്സ് കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടന്നുവരികയാണ്. അതിന് വിരുദ്ധമായി പ്രവർത്തിക്കുന്ന അധ്യാപകരുടേയും വിദ്യാർത്ഥികളുടേയും പേരിൽ മാതൃകാപരമായ ശിക്ഷാനടപടികൾ കൈക്കൊള്ളാൻ എഥിക്സ് കമ്മിറ്റികൾക്കും സ്ഥാപന മേധാവികൾക്കും അധികാരം നൽകിയിട്ടുമുണ്ട്. അധ്യാപക-രക്ഷാകർതൃ സമിതികൾക്കും ഇക്കാര്യത്തിൽ നിർണ്ണായക പങ്ക് വഹിക്കാൻ കഴിയും. ആവശ്യമായ നിയമനിർമ്മാണത്തെക്കുറിച്ചും ആലോചിക്കാവുന്നതാണ്.

(3) മദ്രസാ നവീകരണം

ശ്രീ. പി. സി. ജോർജ് : മദ്രസാ നവീകരണത്തിനും പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനുംവേണ്ടി കേന്ദ്ര ഗവൺമെന്റ് ആവിഷ്ക്കരിച്ച പ്രത്യേക സഹായ പദ്ധതിയിൽ കോട്ടയം ജില്ലയിലെ മദ്രസകളെ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ.ബേബി): കോട്ടയം ജില്ലയിൽനിന്നും ലഭിച്ച അപേക്ഷകൾ പൂർണ്ണ വിവരങ്ങളടങ്ങിയതല്ലാത്തതുകൊണ്ടാണ് പണം അനുവദിക്കാതിരുന്നത്. എല്ലാ വിവരങ്ങളോടുംകൂടിയ അപേക്ഷകൾ നൽകിയിട്ടുണ്ടെങ്കിൽ എന്ത് സാങ്കേതിക തടസ്സം പറഞ്ഞാണ് തുക നിഷേധിച്ചതെന്ന് കണ്ടുപിടിച്ച് തിരുത്താൻ ഗവൺമെന്റ് അടിയന്തിര നടപടി കൈക്കൊള്ളുന്നതാണ്.

(4) പാടശേഖരം മണ്ണിട്ട് നികത്തൽ

ശ്രീ. എം. എം. മോനായി : കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ കിഴക്കമ്പലം വില്ലേജിലെ പഴങ്ങനാട്കരയിലെ കൃഷിക്കനുയോജ്യമായ കരിനിലം മണ്ണിട്ട് നികത്തുന്നതിന് കേരള നെൽവയൽ-നീർത്തട സംരക്ഷണ നിയമത്തെ അവഗണിച്ചുകൊണ്ട് മുവാറ്റുപുഴ ആർ.ഡി.ഒ. നൽകിയിട്ടുള്ള ഉത്തരവുകൾ അസാധുവാക്കുന്നതിനും നിയമം മറികടന്ന് ഉത്തരവ് നൽകിയ ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിനും നികത്തിയ നിലം പൂർവ്വസ്ഥിതിയിലാക്കുന്നതിനും നടപടി ഉണ്ടാകണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി.രാജേന്ദ്രൻ) : കിഴക്കമ്പലം വില്ലേജിൽ ബ്ളോക്ക് 25-ലെ വിവിധ സർവ്വേ നമ്പരുകളിൽപ്പെട്ട നിലം നികത്താനുള്ള അനുവാദത്തിനായി അദ്ധ്വാനി ലാന്റ് സ്കെയ്പ്സ് പ്രൈവറ്റ് ലിമിറ്റഡ് അഹമ്മദാബാദ്, അദ്ധ്വാനി ഇൻഫ്രാസ്ട്രക്ച്ചേഴ്സ് ആന്റ് ഡവല

പ്ലേഴ്സ് ലിമിറ്റഡ് അഹമ്മദാബാദ്, അലോക റിയൽ എസ്റ്റേറ്റ് പ്രൈവറ്റ് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങൾ മുവാറ്റുപുഴ റവന്യൂ ഡിവിഷണൽ ഓഫീസർക്ക് സമർപ്പിച്ച അപേക്ഷ 17-11-07-ലെ നിലം നികത്തുന്നതിനുള്ള അപേക്ഷകൾ സ്വീകരിക്കരുതെന്ന സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ചില്ല. കമ്പനികൾ ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തതിന്റെ അടിസ്ഥാനത്തിൽ അപേക്ഷയിന്മേൽ രണ്ട് മാസത്തിനകം തീരുമാനമെടുക്കണമെന്ന് ഹൈക്കോടതി ആർ.ഡി.ഒ.യ്ക്ക് ഉത്തരവ് നൽകിയതിന്റെ അടിസ്ഥാനത്തിൽ കുന്നത്തുനാട് തഹസീൽദാർ, എറണാകുളം പ്രിൻസിപ്പൽ കൃഷി ഓഫീസർ എന്നിവർ മുഖാന്തിരം അന്വേഷണം നടത്തി നിലം പരിവർത്തനം ചെയ്യാൻ അനുവാദം നൽകി. ബഹുമാനപ്പെട്ട മെമ്പറുടെ പരാതിയുടെ അടിസ്ഥാനത്തിൽ നിലം നികത്തൽ താൽക്കാലികമായി നിർത്തിവയ്ക്കാൻ ജില്ലാ കളക്ടർ മൂവാറ്റുപുഴ ആർ.ഡി.ഒ.-യ്ക്ക് നിർദ്ദേശം നൽകിയിട്ടുള്ളതും വില്ലേജ് ഓഫീസ് മുഖേന നിരോധന ഉത്തരവ് നൽകിയിട്ടുള്ളതുമാണ്. നിലം പരിവർത്തനവുമായി ബന്ധപ്പെട്ട് ലാന്റ് റവന്യൂ കമ്മീഷണറുടെ സ്റ്റേ നിലവിലുണ്ട്. ആർ.ഡി.ഒ.-യ്ക്കെതിരായി ലഭിച്ച പരാതി അന്വേഷിക്കുന്നതിന് ലാന്റ് റവന്യൂ കമ്മീഷണറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. റിപ്പോർട്ട് കിട്ടിയാലുടനെ നടപടി സ്വീകരിക്കുന്നതാണ്.

(5) സോമില്ലുകൾ നേരിടുന്ന പ്രശ്നങ്ങൾ

ശ്രീ. എ.സി.മൊയ്തീൻ: സംരക്ഷിത മേഖലയ്ക്ക് 5 കി.മീ.നുള്ളിൽ പ്രവർത്തിക്കുന്ന സോമിൽ യൂണിറ്റുകൾക്കും ചെറുകിട മരാധിഷ്ഠിത യൂണിറ്റുകൾക്കും വനം വകുപ്പിന്റെ എൻ.ഒ.സി. ലഭ്യമാക്കുന്നതിനും

ചെറുകിട വ്യവസായ യൂണിറ്റുകളെ തുടർന്നും ഇവിടെ പ്രവർത്തിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം.

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ബിനോയ് വിശ്വം): എല്ലാ തടി അധിഷ്ഠിത വ്യവസായങ്ങളും ആരംഭിക്കാൻ നിശ്ചിത രീതിയിലുള്ള ലൈസൻസ് ആവശ്യമാണെന്ന് സുപ്രീം കോടതി 31-10-02-ന് പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ സുപ്രീംകോടതിതന്നെ ഡൽഹി ആസ്ഥാനമായി ഒരു എംപവേർഡ് കമ്മിറ്റിയെ നിയോഗിച്ചു. സെൻട്രൽ എംപവേർഡ് കമ്മിറ്റിയുടെ അധികാരാവകാശങ്ങൾ സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റിക്ക് അനുവദിക്കണമെന്ന ആവശ്യം സെൻട്രൽ എംപവേർഡ് കമ്മിറ്റി അംഗീകരിച്ചു. 27-3-08 വരെ എൻ.ഒ.സി.ക്കുവേണ്ടി ലഭിച്ച അപേക്ഷകളിന്മേൽ അന്വേഷണം നടത്തിയതിൽ സ്വീകാര്യമായ 778 അപേക്ഷകൾ നാല് പട്ടികകളായി തിരിച്ച് സ്റ്റേറ്റ് ലെവൽ കമ്മിറ്റിയിൽ വച്ച് അംഗീകരിക്കുകയുണ്ടായി. 27-3-2008-നുശേഷം 31-3-09 വരെയുള്ള 2115 അപേക്ഷകളിന്മേൽ ഫീൽഡ് വെരിഫിക്കേഷനുള്ള നടപടികൾ നടന്നുകൊണ്ടിരിക്കുന്നു. വനാതിർത്തിയിൽനിന്നും 5 കി.മീ.നുള്ളിൽ പ്രവർത്തിച്ചുവരുന്ന തടി അധിഷ്ഠിത വ്യവസായങ്ങൾ നിശ്ചിത കാലത്തിനകം പുറത്തേയ്ക്ക് മാറ്റണമെന്ന സുപ്രീം കോടതിയുടേയും സെൻട്രൽ എംപവേർഡ് കമ്മിറ്റിയുടേയും നിബന്ധനയിൽ മാറ്റം വരുത്താൻ സർക്കാരിന് അധികാരമില്ല.

(6) വനാന്തരങ്ങളിലെ ആദിവാസി കുടുംബങ്ങൾക്ക് വൈദ്യുതി

ശ്രീ. രാജാജി മാത്യു. തോമസ് : കേരളത്തിലെ വനാന്തരങ്ങളിൽ താമസിക്കുന്ന ആദിവാസി കുടുംബങ്ങൾക്കും ഒല്ലൂർ നിയോജക മണ്ഡലത്തിലെ ആദിവാസി കോളനിയിലെ കുടുംബങ്ങൾക്കും വനാവകാശ നിയമം

വന്നതിന്റെ വെളിച്ചത്തിൽ വൈദ്യുതി ലഭ്യമാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം.

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി <u>(ശ്രീ. ബിനോയ് വിശ്വം)</u>: വനാവകാശ നിയമത്തിന്റെ അടിസ്ഥാനത്തിൽ ഒരു ഹെക്ടർ വരെയുള്ള വനഭൂമി, ട്രൈബൽ കോളനികളിലേയ്ക്കുള്ള കുടിവെള്ളം, വൈദ്യുതി, വിദ്യാലയം, അംഗൻവാടി എന്നിവയ്ക്കുവേണ്ടി മാറ്റിവയ്ക്കണമെന്ന ഗ്രാമ സഭയുടെ ശുപാർശ പ്രകാരം ഡി.എഫ്.ഒ.ക്ക് അനുമതി നൽകി ഉത്തരവായിട്ടുണ്ട്. എത്രയും വേഗം ഇക്കാര്യത്തിൽ അനുകൂലമായ നടപടി ഉണ്ടാകും.

(7) <u>കെൽപാമിന്റെ പ്രവർത്തനം</u>

<u>ശ്രീ. ആർ. സെൽവരാജ്:</u> പാറശ്ശാല നിയോജകമണ്ഡലത്തിലെ പനകയറ്റത്തൊഴിലാളികൾക്ക് കെൽപാം വഴി പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകാനും തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസാനുകൂല്യങ്ങൾ നൽകാനും ആവശ്യമായ നടപടി സ്വീകരിക്കണം.

വ്യവസായ വകുപ്പുമന്ത്രി <u>(ശ്രീ. എളമരം കരീം)</u> : കരിമ്പന തൊഴിലാളികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും പരിരക്ഷ നൽകുന്നതിനുവേണ്ടി കെൽപാം ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷനുമായി ചേർന്ന് ജനശ്രീ ഭീമാ യോജന പദ്ധതി നടപ്പാക്കിവരുന്നു. ശീതളപാനീയം ഉൽപ്പാദിപ്പിക്കുന്ന തിരുവനന്തപുരം ജില്ലയിലെ കൊറ്റാമം യൂണിറ്റിലെ നവീകരിച്ച ഫാക്ടറി അടുത്ത മാസം പ്രവർത്തനം ആരംഭിക്കും. പാലക്കാട് ജില്ലയിലെ കല്ലേപ്പുള്ളി പനനാര് സംസ്ക്കരണ യൂണിറ്റിന്റെ പുനരുദ്ധാരണം ഈ വർഷം നടപ്പാക്കുന്നതാണ്. പനയോല ഉൽപ്പന്നങ്ങളുടെ നിർമ്മാണത്തിൽ സ്ത്രീകൾക്ക് പരിശീലനം നൽകിവരുന്നുണ്ട്.

(8) <u>വർദ്ധിപ്പിച്ച കെട്ടിട നികുതിക്ക് പലിശ ഒഴിവാക്കൽ</u>

<u>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി</u> : 1-4-2007-നും 1-4-2008-നും കെട്ടിട നികുതി വർദ്ധിപ്പിച്ചുകൊണ്ട് ഉത്തരവ് ഇറങ്ങിയിട്ടുണ്ടെങ്കിലും മിക്ക പഞ്ചായ ത്തുകളിലും ഇത് പ്രാബല്യത്തിൽ വരുത്തുകയോ ഉടമകൾക്ക് നോട്ടീസ് നൽകുകയോ ചെയ്തിട്ടില്ല. നിരക്ക് നിജപ്പെടുത്താത്തത് കാരണം വീട്ടുകരം പഞ്ചായത്ത് അധികൃതർ സ്വീകരിക്കുന്നില്ല. 1-4-2007-മുതൽ നികുതി കണ ക്കാക്കിയാൽ കുടിശ്ശികയും അതിന്റെ പലിശയും നൽകേണ്ടിവരും. നോട്ടീസ് ലഭിക്കുന്ന അന്ന് മുതൽ പലിശ ബാധകമാക്കുന്നതിന് നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (<u>ശ്രീ. പാലോളി മുഹമ്മദ് കുട്ടി</u>) : നിലവിലുള്ള ഉത്തരവ് അനുസരിച്ച് മുനിസിപ്പാ ലിറ്റി നികുതി പ്രാബല്യത്തിൽ വരുന്നത് 1-4-2008 മുതലാണ്. നികുതി പരിഷ്ക്കരണത്തിനുള്ള നടപടികൾ പല തദ്ദേശസ്ഥാപനങ്ങളിലും പൂർത്തി യായി വരുന്നതേയുള്ളൂ. നികുതി അന്തിമമായി നിശ്ചയിക്കുന്നതുവരെ പഴയ നികുതി നിരക്ക് വാങ്ങുന്നതിന് തടസ്സമില്ല. പഴയ നിരക്ക് അടച്ച നികുതിദായകരിൽ നിന്നും പരിഷ്ക്കരിച്ചശേഷം കൂടുതൽ തുക ഈടാക്കേ ണ്ടിവരുന്ന പക്ഷം മുമ്പ് അടച്ച നികുതി കഴിച്ച് ബാക്കി ഒടുക്കിയാൽ മതി. ഇതിന് പലിശ ബാധകമല്ല. ഇക്കാര്യത്തിൽ അവ്യക്തതയുള്ളതായി കാണുക യാണെങ്കിൽ ആ സമയത്ത് ആവശ്യമായ ഉത്തരവ് കൊടുക്കുന്നതായിരി ക്കും.

(9) <u>വില്ലേജ് ഓഫീസ് കെട്ടിടം പണി പൂർത്തീകരിക്കൽ</u>

ശ്രീ. എം. ജെ. ജേക്കബ് : 2002 മുതൽ മുടങ്ങിക്കിടക്കുന്ന എടക്കാട്ടു വയൽ കൈപ്പട്ടൂർ വില്ലേജ് ഓഫീസ് കെട്ടിടത്തിന്റെ പണി പൂർത്തിയാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ) : 2000-2001 സാമ്പത്തിക വർഷത്തിൽ 50 ശതമാനം കേന്ദ്രാവിഷ്കൃത പദ്ധതിയിലുൾപ്പെടുത്തി 50 പുതിയ വില്ലേജ് ഓഫീസ് കെട്ടിടങ്ങൾ പണിയാൻ സർക്കാർ ഉത്തരവിറക്കി. ഒരു വില്ലേജ് ഓഫീസ് നിർമ്മിക്കുന്നതിന് 2 ലക്ഷം രൂപയാണ് അനുവദിച്ചത്. പ്രസ്തുത വില്ലേജ് ഓഫീസിന്റെ മേൽക്കൂര കോൺക്രീറ്റ് ചെയ്ത നിലയിലാണ്. തുടർന്നുള്ള പണികൾ ഏതെങ്കിലും പദ്ധതിയിലുൾപ്പെടുത്തി ചെയ്യാൻ നിർദ്ദേശം നൽകുന്നതാണ്.

(10) കൊച്ചിനഗര വികസനത്തിന് മാസ്റ്റർ പ്ലാൻ

ശ്രീ. സി. എം. ദിനേശ് മണി : കൊച്ചി നഗര വികസനത്തിന് ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി) : കൊച്ചി കോർപ്പറേഷന്റേയും കളമശ്ശേരി, തൃപ്പൂണിത്തുറ എന്നീ മുനിസിപ്പാലിറ്റികളുടേയും 14 ഗ്രാമ പഞ്ചായത്തുകൾ ഉൾപ്പെടുന്ന പ്രദേശത്തിന്റെ സമഗ്ര വികസനം മുൻനിറുത്തി കോർപ്പറേഷന്റേയും വിശാലകൊച്ചി വികസന അതോറിറ്റിയുടേയും സഹായത്തോടെ ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്ന നടപടി അവസാന ഘട്ടത്തിലാണ്. നിലവിലുള്ള കൊച്ചി സ്ട്രക്ച്ചർ മേഖലാ നിയന്ത്രണങ്ങളിൽ ഭേദഗതി വരുത്തി ഇതിനകം സർക്കാർ ഉത്തരവായിട്ടുണ്ട്.

(11) വികലാംഗർക്കുവേണ്ടി ഗ്രാമസഭയുടെ പ്രത്യേക യോഗം

ശ്രീ. വി. എൻ. വാസവൻ : ഗ്രാമസഭകളിലും വാർഡ് സഭകളിലും വൈകല്യമുള്ളവർക്ക് എത്താൻ കഴിയാത്ത സാഹചര്യത്തിൽ അവരുടെ പ്രശ്നങ്ങൾ ബോധ്യപ്പെട്ട് പദ്ധതി തയ്യാറാക്കാൻ പഞ്ചായത്ത്-മുനിസിപ്പൽ തലത്തിൽ ഇവരുടെ പ്രത്യേക യോഗം വിളിക്കാൻ നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി) : കേരള പഞ്ചായത്ത് രാജ് മുനിസിപ്പൽ നിയമ പ്രകാരമുള്ള ഗ്രാമസഭകളും വാർഡ് സഭകളും ചേർന്ന് പ്രധാനപ്പെട്ട വികസന നിർദ്ദേശങ്ങൾ മുൻഗണനാക്രമത്തിൽ നിശ്ചയിക്കുന്നതിനും ഗുണഭോക്താക്കളെ സുതാര്യമായ രീതിയിൽ തെരഞ്ഞെടുക്കുന്നതിനുംവേണ്ടി വിവിധ ക്ഷേമ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി സമ്പൂർണ്ണ പാക്കേജ് പരിപാടി തദ്ദേശ സ്വയംഭരണ വകുപ്പ് ആവിഷ്ക്കരിച്ച് നടപ്പാക്കുന്നുണ്ട്. അർഹരായ എല്ലാ പേർക്കും ഈ സഹായം ലഭിക്കും. വികലാംഗർക്കുവേണ്ടി പ്രത്യേക പദ്ധതി നടപ്പാക്കുന്ന ഘട്ടത്തിൽ ഗ്രാമ-പഞ്ചായത്ത് തലത്തിൽ വികലാംഗരുടെ പ്രത്യേക ഗ്രാമസഭ വിളിച്ചുകൂട്ടുന്ന കാര്യം പരിഗണിക്കുന്നതാണ്.

(12) ഒ.എം.എസ്. സ്കൂളിന്റെ അപ്ഗ്രഡേഷൻ

പ്രൊഫ.സി. രവീന്ദ്രനാഥ് : ഓടർ സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾ പഠിക്കുന്ന ഒ.എം.എസ്. സ്കൂളിൽ നിലവിൽ 5-ാം ക്ലാസ്വരേയുള്ളൂ. എന്നതിനാൽ ഈ വർഷം 6-ാം ക്ലാസും അടുത്ത വർഷം 7-ാം ക്ലാസും അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി) : സംസ്ഥാനതലത്തിൽ ഒരു വിദ്യാഭ്യാസ സ്ഥാപനവും അപ്ഗ്രേഡ് ചെയ്യരുതെന്ന് 13-6-2007-ൽ ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ ആവാസ ഘടനയിലുണ്ടായ മാറ്റവും മറ്റ് ഘടകങ്ങളും പരിശോധി

ച്ചുകൊണ്ട് ഏതെങ്കിലും സ്കൂൾ അപ്ഗ്രേഡ് ചെയ്യണമെന്ന തീരുമാനമുണ്ടാകുന്ന സാഹചര്യത്തിൽ ഈ സ്കൂൾ അപ്ഗ്രേഡ് ചെയ്യുന്ന കാര്യം പരിഗണിക്കുന്നതാണ്.

(13) പെരിഞ്ചാംകുടിയിലെ പട്ടയ വിതരണം

ശ്രീ. റോഷി അഗസ്റ്റിൻ : ഇടുക്കി ജില്ലയിലെ പദ്ധതി പ്രദേശത്തെ പെരിഞ്ചാംകുടിയിലെ കൈവശക്കാർക്ക് എത്രയുംപെട്ടെന്ന് പട്ടയം നൽകുന്നതിന് നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ) : കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ഉപേക്ഷിച്ച ഇടുക്കി ജില്ലയിലെ പെരിഞ്ചാംകുടി പദ്ധതി പ്രദേശത്തെ കൈവശക്കാർക്ക് പട്ടയം നൽകുന്നതിനുവേണ്ടി ചില ഫീൽഡ് ലൊക്കേഷൻ ജോലികൾ പൂർത്തിയായി. 3968 സ്റ്റേഷനുകളിൽ സർവ്വേക്കല്ലുകൾ സ്ഥാപിച്ച് ഡീമാർക്കേഷൻ ജോലികൾ ധൃതഗതിയിൽ ചെയ്യുന്നുണ്ട്. സുപ്രീംകോടതിയിൽനിന്നും അനുകൂലമായ വിധിയുണ്ടായ സാഹചര്യത്തിൽ പ്രസ്തുത ജില്ലയിലെ സ്പെഷ്യൽ ഓഫീസുകളിലെ പ്രവർത്തനം പുനരാരംഭിക്കുകയും തുടർച്ചാനുമതി ഗവൺമെന്റിൽനിന്നും ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. റീസർവ്വേ പൂർത്തീകരിച്ച് അർഹതപ്പെട്ട മുഴുവൻപേർക്കും പട്ടയം നൽകുന്നതിന് സമയബന്ധിതമായി നടപടി സ്വീകരിക്കുന്നതാണ്.

(14) കോഴിക്കോട് മെഡിക്കൽകോളേജിൽ ഗാമ ക്യാമറ സ്ഥാപിക്കൽ

ശ്രീ. യു. സി. രാമൻ : തൈറോയ്ഡ് ക്യാൻസറും ഹൃദയ സംബന്ധമായ അസുഖങ്ങളും എളുപ്പം കണ്ടുപിടിക്കാൻ സാധിക്കുന്ന ഗാമ ക്യാമറ കോഴിക്കോട് മെഡിക്കൽകോളേജിൽ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ എം. വിജയകുമാർ) : 37 ലക്ഷം രൂപ ചെലവഴിച്ച് 1994-ൽ കോഴിക്കോട് മെഡിക്കൽകോളേജിൽ സ്ഥാപിച്ച ഗാമ ക്യാമറ 2002-ൽ സാങ്കേതിക വിദഗ്ദ്ധർ പരിശോധിച്ച് ഉപയോഗശൂന്യമാണെന്ന് കണ്ടെത്തി. ഇതിന്റെ ആവശ്യം കണക്കിലെടുത്ത് ആശുപത്രി വികസന സമിതി യോഗം കൂടി ഒരു പുതിയ ഉപകരണം വാങ്ങുന്നതിന് ജില്ലാ കളക്ടർ ഗവൺമെന്റി നോട് അനുമതി തേടിയിട്ടുണ്ട്. അതിന്റെ വിശദാംശം പരിശോധിച്ച് ഉടൻതന്നെ തീരുമാനം എടുക്കുന്നതാണ്.

(15) എസ്.സി./എസ്.ടി. വിദ്യാർത്ഥികൾക്കുള്ള സംവരണാനുകൂല്യങ്ങൾ

(പ്രസ്തുത വിഷയം സംബന്ധിച്ച് പ്രൊഫ. സി. രവീന്ദ്രനാഥും നോട്ടീസ് നൽകിയിട്ടുണ്ട്)

ശ്രീ. ടി.എൻ. പ്രതാപൻ: ഹയർസെക്കണ്ടറി വിദ്യാർത്ഥി പ്രവേശന ത്തിന് എസ്.സി./എസ്.ടി. സംവരണ സീറ്റിൽ ഒഴിവ് വരുന്നതിൽ മൂന്നു ശതമാനം ഒ.ഇ.സി. വിഭാഗത്തിനും ബാക്കി ജനറൽ മെറിറ്റിൽ നിന്നും എടുക്കണമെന്നുമുള്ള ഹയർ സെക്കണ്ടറി ഡയറക്ടറുടെ ഉത്തരവ് പിൻവലി ക്കാൻ നിർദ്ദേശം നൽകണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): ഓരോ വിഭാഗത്തിനും ഇന്ന് കിട്ടുന്ന സംവരണാനുകൂല്യത്തിൽ യാതൊരു കുറവും വരുത്തിയിട്ടില്ല. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന് നൽകിയിട്ടുള്ള സീറ്റ് മുഴുവൻ നികത്തപ്പെടാതെ വന്നാൽ 1966 മുതൽ നിലവി ലുള്ള സമ്പ്രദായം പുനഃസ്ഥാപിക്കാൻ വിദ്യാഭ്യാസവകുപ്പുമന്ത്രിയും പട്ടിക

സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രിയുമായി ചർച്ച ചെയ്ത് തീരുമാനമെടുത്ത് ഉത്തരവ് കൊടുത്തിട്ടുണ്ട്.

## (16) മലബാർ സമിന്റ്സിന്റെ ചേർത്തല യൂണിറ്റിന്റെ പ്രവർത്തനം പുനരാരംഭിക്കൽ

ശ്രീ. പി. തിലോത്തമൻ: ചേർത്തലയിലെ മലബാർ സിമന്റ്സ് യൂണിറ്റിന്റെ പ്രവർത്തനം പുനരാരംഭിക്കാനും അവിടെ തൊഴിൽ നഷ്ടപ്പെട്ട കയറ്റിറക്കുമതി തൊഴിലാളികൾക്കുണ്ടായ ബുദ്ധിമുട്ടുകൾ പരിഹരിക്കാനും നടപടി സ്വീകരിക്കണം.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം): മലബാർ സിമന്റ്സിന്റെ ചേർത്തല യൂണിറ്റിൽ മാർക്കറ്റ് നിലവാരത്തിന്റെയും ഉൽപ്പാദനത്തിന്റെയും അടിസ്ഥാനത്തിൽ സിമന്റ് ഡെസ്പാച്ച് നടത്തുന്നതിനാലും അതൊരു തുടർ പ്രക്രിയയല്ലാത്തതിനാലും ലോഡിംഗ് ജോലികൾ കരാറടിസ്ഥാനത്തിൽ ചെയ്യിക്കാൻ തീരുമാനിക്കുകയും യൂണിറ്റിന്റെ ആരംഭം മുതൽ അത് നിലവിൽ വരികയും ചെയ്തിരുന്നു. ചേർത്തല ഗ്രൈൻഡിംഗ് യൂണിറ്റിലെ ലോഡിംഗ് കരാറിൽ ഏർപ്പെട്ടിരുന്ന തൊഴിലാളികളുടെ വിവിധ ആവശ്യങ്ങൾ സംബന്ധിച്ച് തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ പലപ്രാവശ്യം ചർച്ച നടത്തുകയുണ്ടായി. എന്നാൽ ലോഡിംഗ് കരാർ എടുത്തിരുന്ന കരാറുകാരൻ തൊഴിലാളികളുടെ നിസ്സഹകരണംമൂലം 31-5-2009-വരെ പ്രാബല്യമുണ്ടായിരുന്ന കരാർ 3-5-09-ൽ അവസാനിപ്പിച്ചതിന്റെ ഫലമായി ലോഡിംഗ് ജോലിയും യൂണിറ്റിന്റെ ഉൽപ്പാദനപ്രക്രിയയും തടസ്സപ്പെടുകയാണുണ്ടായത്. ലോഡിംഗ് ജോലികൾക്കായി പുതിയ ടെണ്ടർ ക്ഷണിച്ചതിൽ ഒരു ടെണ്ടർ മാത്രം ലഭിച്ച സാഹചര്യത്തിൽ ടെണ്ടർ സ്വീകരി

ക്കുന്ന അവസാന തീയതി ദീർഘിപ്പിക്കുകയും ടെണ്ടർ നടപടികൾ പുരോഗമിച്ചുവരികയും ചെയ്യുകയാണ്. കരാറുകാരെ ലഭ്യമാകുന്ന മുറയ്ക്ക് ചേർത്തല ഗ്രൈൻഡിംഗ് യൂണിറ്റിന്റെ പ്രവർത്തനം പുനരാരംഭിച്ച് ലോഡിംഗ് ജോലികൾ തുടരുന്നതാണ്.

**അനൗദ്യോഗികാംഗങ്ങളുടെ കാര്യം**

(1) <u>അനൗദ്യോഗികപ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ പതിനെട്ടാമത് റിപ്പോർട്ട് പരിഗണന.</u>

അനൗദ്യോഗികപ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ പതിനെട്ടാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

(2) <u>സാമാന്യമായി പൊതുതാൽപ്പര്യമുള്ള സംഗതികൾ സംബന്ധിച്ച പ്രമേയങ്ങൾ.</u>

(1) <u>കേന്ദ്ര കർഷക കടാശ്വാസ നിയമം</u>

(ശ്രീ. പി. വിശ്വൻ 14-9-2007-ന് അവതരിപ്പിച്ചതും ചർച്ച പൂർത്തിയാകാത്തതുമായ പ്രമേയത്തിന്മേലുള്ള തുടർ ചർച്ച)

<u>ശ്രീ. പി. വിശ്വൻ:</u> നിയമനിർമ്മാണങ്ങൾ നടപ്പാക്കുന്ന കാര്യത്തിൽ ഇൻഡ്യയ്ക്ക് എന്നും മാതൃകയായ കേരള നിയമസഭ കർഷക കടാശ്വാസ കമ്മീഷൻ നിയമം അവതരിപ്പിച്ച് പാസ്സാക്കുകയും അതനുസരിച്ച് കർഷകരുടെ കാർഷിക കടങ്ങൾ എഴുതിത്തള്ളാനുള്ള നടപടികൾ ഈ സർക്കാർ ആരംഭിക്കുകയും ചെയ്തു. കാർഷികവരുമാനം 3.3 ശതമാനമായി കുറഞ്ഞു എന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഉൽപ്പാദനക്ഷമതക്കുറവും ഉൽപ്പന്നവർദ്ധനവില്ലായ്മയും ഉൽപ്പന്നങ്ങളുടെ വിലക്കുറവും കാരണം വാങ്ങിയ കടം തിരിച്ചടയ്ക്കാൻ കഴിയാതെ വരുമ്പോൾ കർഷകർ കുടുംബ

ത്തോടെ ആത്മഹത്യ ചെയ്യുന്ന സ്ഥിതിയിലേയ്ക്ക് പോകുകയാണ്. കാർഷിക മേഖലയിലെ മൂലധനനിക്ഷേപം ഉയർത്തിക്കൊണ്ടുവരാൻ നടപടി സ്വീകരിക്കണം. ജൈവവൈവിധ്യം പ്രോൽസാഹിപ്പിക്കുന്ന ഇൻഡ്യയിലെ കൃഷി സമ്പ്രദായം തകർത്ത് വാണിജ്യക്കണ്ണുള്ള ഏകവിള സമ്പ്രദായം അടിച്ചേൽപ്പിക്കാനാണ് കേന്ദ്രസർക്കാർ ശ്രമിച്ചത്. കർഷകരുടെ ആത്മഹത്യയുടെ പശ്ചാത്തലം കൃത്യമായി പഠിച്ച് അവരുടെ പ്രശ്നങ്ങൾ പരിഹരിക്കാനുള്ള ഇടപെടൽ കേന്ദ്രസർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണം. കർഷകർക്ക് വായ്പയെടുക്കാനുള്ള സാഹചര്യമുണ്ടാക്കണം. ഇൻഡ്യയിലെ കർഷകരെ ദുരിതത്തിൽ നിന്ന് കരകയറ്റാനായി ഒരു പുതിയ കർഷക കടാശ്വാസ കമ്മീഷൻ നിയമം കൊണ്ടുവന്ന് നടപ്പാക്കാനുള്ള നടപടി കേന്ദ്ര സർക്കാർ സ്വീകരിക്കണം.

ശ്രീ. സി.കെ.പി. പത്മനാഭൻ : പ്രമേയത്തെ പിന്താങ്ങുന്നു. രാജ്യത്തിനാകെ മാതൃകയായി ആദ്യമായി ഒരു കർഷക കടാശ്വാസ നിയമം കൊണ്ടുവന്നത് ഈ ഗവൺമെന്റാണ്. 1957-ലെ ഇ.എം.എസ്. ഗവൺമെന്റിന്റെ കാലത്താണ് കൃഷിക്കാരെ കടത്തിൽനിന്ന് മോചിപ്പിക്കാനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചത്. എന്നാൽ ഇന്ന് സെമി-ജുഡീഷ്യൽ അധികാരമുള്ള ഒരു കർഷക കടാശ്വാസ കമ്മീഷനാണ് നിലവിലുള്ളത്. സഹകരണ/സെൻട്രൽ ആക്ടുകൾ പ്രകാരമുള്ള സ്ഥാപനങ്ങളിൽ മാത്രമല്ല സ്വകാര്യ പണമിടപാടുകാരിൽനിന്നുപോലും കൃഷിക്കാർക്ക് മോചനം ലഭിക്കുന്നതിന് കേരള നിയമസഭ പാസ്സാക്കിയ ബില്ലിന്റെ മാതൃകയിൽ ദേശീയ തലത്തിൽ ഒരു കർഷക കടാശ്വാസ നിയമം കൊണ്ടുവരണമെന്നുള്ളതാണ് ഈ പ്രമേയത്തിലെ ആവശ്യം. കേന്ദ്ര ഗവൺമെന്റിൽനിന്നും 71,000 കോടി രൂപയുടെ കടാശ്വാസം കൃഷിക്കാർക്ക് അനുവദിച്ചുവെങ്കിലും ദേശസാൽകൃത

ബാങ്കുകളെ ശരാശരി 50 ശതമാനം കൃഷിക്കാർ മാത്രമേ ആശ്രയിക്കുന്നുള്ളൂ എന്നതിനാൽ ശേഷിക്കുന്ന കർഷകർക്ക് ഇതിന്റെ ആനുകൂല്യം കിട്ടിയിട്ടില്ല. ഉത്തരേന്ത്യയിൽ കർഷകരെന്ന പേരിൽ ധനികരായ ഭൂവുടമകൾക്കാണ് ദേശസാൽകൃത ബാങ്കുകളിൽനിന്നുമുള്ള സഹായം കിട്ടിയത്. ഇൻഡ്യയിൽ ഭക്ഷ്യധാന്യ ശേഖരണം കുറഞ്ഞുവരുന്നത് കൃഷിക്കാർക്ക് പണി കുറയുന്നു എന്നതിന്റെ തെളിവാണ്. ഇൻഡ്യൻ കമ്പോളത്തിൽ 50 ശതമാനത്തോളം ഭക്ഷ്യധാന്യങ്ങൾ സംഭാവന ചെയ്യുന്ന ചെറുകിട-ഇടത്തരം കർഷകർ ഇന്ന് കടക്കെണിയിലാണ്. ആസിയാൻ കരാറിന്റെ ഭാഗമായി 4500 ഉല്പന്നങ്ങൾക്ക് ചുങ്കം വേണ്ടെന്നുവയ്ക്കാൻ കേന്ദ്ര സർക്കാർ തീരുമാനിച്ചതിലൂടെ അത്രയും ഉല്പന്നങ്ങൾ ഇൻഡ്യയിലേയ്ക്ക് യഥേഷ്ടം കടന്നുവരികയും ഇൻഡ്യയിലെ ദരിദ്ര കർഷകരെ കൂടുതൽ ദുരിതത്തിലാഴ്ത്തുകയും ചെയ്തു. ഇൻഡ്യയിലെ കർഷകരെ കാർഷികോല്പന്നങ്ങളുമായി ബന്ധപ്പെട്ടല്ലാതെ സാമ്പത്തിക സ്ഥിതിയുടെ അടിസ്ഥാനത്തിലാണ് വേർതിരിക്കേണ്ടത്. വർദ്ധിച്ചുവരുന്ന ഉല്പാദനച്ചെലവിന്റെ ഫലമായി കർഷകർക്ക് യാതൊരുതരത്തിലുള്ള ലാഭവും കിട്ടാത്ത സ്ഥിതിയാണ് ഇന്നുള്ളത്. വളത്തിന് സബ്സിഡി അനുവദി ക്കുന്ന രീതിയിൽ മാറ്റംവരുത്തി കൃഷിക്കാർക്ക് നേരിട്ട് കൊടുക്കാൻ തീരുമാ നിച്ചതിലൂടെ സബ്സിഡിയിലൂടെ കിട്ടുന്ന ആനുകൂല്യത്തിന്റെ പൂർണ്ണഭാഗവും ജന്മിത്വ ഭൂപ്രഭുക്കന്മാരും മുതലാളിത്ത ഭൂപ്രഭുക്കന്മാരും തട്ടിയെടുക്കുന്ന സ്ഥിതിവിശേഷമാണുള്ളത്. പെട്രോൾ-ഡീസൽ വില വർദ്ധനവ് കാർഷിക മേഖലയെ ഗുരുതരമായി ബാധിക്കും. കാർഷിക മേഖലയിൽ കേന്ദ്രഗവൺമെന്റിന്റെ ഇത്തരം തെറ്റായ നയങ്ങളുടെ ഫലമായി കാർഷി കോല്പാദനം ഗണ്യമായി കുറഞ്ഞുവരികയാണ്. കൃഷിഭൂമിയുടെ നല്ലൊരു പങ്കും ഭൂപ്രമാണികൾ കയ്യടക്കിവച്ചിരിക്കുകയാണ്. ജന്മിത്വ ഭൂപ്രഭുത്വത്തെ

മുതലാളിത്ത ഭൂപ്രഭുത്വമാക്കി മാറ്റുന്ന സമീപനമാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. കേന്ദ്ര ബഡ്ജറ്റിൽ കാർഷിക മേഖലയ്ക്ക് 10.06 ശതമാനം തുക നീക്കിവച്ചിരുന്ന സ്ഥാനത്ത് ഇപ്പോൾ നാല് ശതമാന മായി കുറച്ചിരിക്കുകയാണ്. കടാശ്വാസ നിയമത്തിൽ വിള സംരക്ഷണംകൂടി ഉൾപ്പെടുത്തണം. കാർഷിക വായ്പയ്ക്ക് പലിശ കുറയ്ക്കാൻ തീരുമാനിച്ചിട്ടു ണ്ടെങ്കിലും അതിന്റെ ഗുണഫലം കർഷകർക്ക് കിട്ടുന്നുണ്ടോയെന്ന് പരിശോ ധിക്കണം. മിനിമം കൂലി പുതുക്കിനിശ്ചയിക്കുന്നതിനും അവശ്യസാധനങ്ങ ളുടെ വിലക്കയറ്റം തടയുന്നതിനും സംസ്ഥാന ഗവൺമെന്റ് ശക്തമായ നടപടി കൾ സ്വീകരിച്ചു. ദേശീയതലത്തിൽ കർഷക കടാശ്വാസ നിയമം കൊണ്ടുവര ണമെന്ന് ഈ സഭ ഒന്നടങ്കം ആവശ്യപ്പെടണം.

<u>ശ്രീ. കെ. ശിവദാസൻ നായർ:</u> പ്രമേയത്തെ എതിർക്കുന്നു. കർഷക കടാശ്വാസ കമ്മീഷനെ പൂർണ്ണ തോതിൽ പ്രവർത്തനക്ഷമമാക്കാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടില്ല. ഈ കമ്മീഷനെ ഒരു നോക്കുകുത്തിയാക്കി വച്ചിരിക്കുകയാണ്. വയനാട് ജില്ലയിലെ കർഷകർക്കൊഴികെ മറ്റുജില്ലക ളിലെ കൃഷിക്കാർക്ക് യാതൊരു സഹായവും ലഭ്യമാക്കുന്നതിന് ഈ കമ്മീഷന് കഴിഞ്ഞിട്ടില്ല. കേന്ദ്രസർക്കാർ കർഷക കടാശ്വാസ പദ്ധതിക്കായി പ്രഖ്യാപിച്ച 2600 കോടി രൂപയുടെ ആനുകൂല്യം എല്ലാ കർഷകർക്കും ഇതിനകം ലഭ്യമായിക്കഴിഞ്ഞു. എന്നാൽ കർഷക കടാശ്വാസ കമ്മീഷൻ കർഷകർക്ക് കടാശ്വാസം അനുവദിച്ച് പാസ്സാക്കിയ ഉത്തരവുകൾ നടപ്പിലാക്കാനാവശ്യമായ തുക അനുവദിക്കാൻപോലും സംസ്ഥാന സർക്കാർ തയ്യാറായിട്ടില്ല. വ്യക്തികളേയും പ്രദേശങ്ങളേയും ദുരിതാശ്വാസം അനുഭവിക്കുന്ന പ്രദേശമായി പ്രഖ്യാപിക്കാനും അതനുസരിച്ച് റിപ്പോർട്ട്

നൽകാനും ഈ നിയമത്തിൽ വ്യവസ്ഥയുണ്ട്. കേന്ദ്രസർക്കാർ നടപ്പാക്കിയ വിദർഭാ പാക്കേജിൽ നിന്ന് സംസ്ഥാനത്തെ മൂന്ന് ജില്ലകൾക്ക് പണം അനുവദിച്ചു. കേരള കർഷക കടാശ്വാസ കമ്മീഷൻ ബിൽ ഈ സഭയിൽ ചർച്ചയ്ക്ക് വന്നപ്പോൾ ആ ബില്ലിലെ പോരായ്മകൾ പ്രതിപക്ഷം ചൂണ്ടിക്കാണിച്ചുവെങ്കിലും അതൊന്നും പരിഗണിക്കാതെ ഇപ്പോൾ കേന്ദ്രത്തോട് സഹായം അഭ്യർത്ഥിക്കുകയാണ് ചെയ്യുന്നത്. ഇടുക്കി ജില്ലയെ സമ്പൂർണ്ണ ദുരിതാശ്വാസ ജില്ലയായി പ്രഖ്യാപിക്കണമെന്ന കർഷക കടാശ്വാസ കമ്മീഷന്റെ ശുപാർശയിന്മേൽ ഒരു നടപടിയും ഈ സർക്കാർ സ്വീകരിച്ചിട്ടില്ല. കേരളത്തിലെ കർഷക കടാശ്വാസ നിയമം കേവലം പ്രചരണം മാത്രമായിരുന്നുവെന്നതാണ് വസ്തുത. കർഷക കടാശ്വാസ കമ്മീഷന്റെ ഉത്തരവുകൾ നടപ്പാക്കാൻ നടപടി സ്വീകരിക്കണമെന്നായിരുന്നു ഈ പ്രമേയത്തിൽ പറയേണ്ടിയിരുന്നത്.

<u>ശ്രീ. എൻ രാജൻ</u>: പ്രമേയത്തെ പിന്താങ്ങുന്നു. ഉയർന്ന ഉല്പാദനച്ചെലവും ഉത്പന്നങ്ങളുടെ വിലത്തകർച്ചയും കൃഷിനാശവുംമൂലം വരുമാനം നഷ്ടപ്പെട്ട് കടക്കെണിയിലകപ്പെടുകയും ആത്മഹത്യയിലേയ്ക്ക് നയിക്കപ്പെടുകയും ചെയ്യുന്ന കർഷക കുടുംബങ്ങളെ രക്ഷിക്കാൻ വേണ്ടിയാണ് കേരള നിയമസഭ കർഷക കടാശ്വാസ കമ്മീഷൻ നിയമം പാസ്സാക്കിയതെങ്കിലും ഇതിന്റെ പരിരക്ഷ കൂടുതൽ കർഷകർക്ക് ലഭ്യമാക്കുന്നതിനായി കേന്ദ്ര ഗവൺമെന്റ് കേരള മാതൃകയിൽ ഒരു നിയമനിർമ്മാണം നടത്തേണ്ടതാണ്. ഈ നിയമം നിലവിൽ വന്നതുകൊണ്ട് കേരളത്തിലെ കൃഷിക്കാർക്ക് ആത്മവിശ്വാസവും കൃഷിപ്പണി ചെയ്യുന്നതിലുള്ള താൽപര്യവും വർദ്ധിക്കുകയും കാർഷിക വിളകളുടെ ഉത്പാദനം കാലാനുസൃതമായി വർദ്ധിക്കുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റ് കർഷകർക്കായി

71,000 കോടി രൂപയുടെ പാക്കേജ് പ്രഖ്യാപിക്കുന്നതിനുപകരം കേരള മാതൃകയിൽ നിയമം കൊണ്ടുവന്നിരുന്നുവെങ്കിൽ അത് കേരളത്തിലെ കർഷകർക്ക് കൂടുതൽ പ്രയോജനപ്രദമാകുമായിരുന്നു. കേരളം പാസ്സാക്കിയ നിയമത്തിന്റെ മാതൃകയിൽ കേന്ദ്രത്തിലും ഒരു നിയമനിർമ്മാണം കൊണ്ടുവരണമെന്ന ഈ പ്രമേയം സഭ ഐകകണ്ഠ്യേന പാസ്സാക്കണമെന്നഭ്യർത്ഥിക്കുന്നു.

<u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി</u>: പ്രമേയത്തെ എതിർക്കുന്നു. കേന്ദ്ര ഗവൺമെന്റ് 71,000 കോടി രൂപയുടെ കടാശ്വാസ പദ്ധതി നമ്മുടെ രാജ്യത്ത് നടപ്പിലാക്കുകയും അതിന്റെ ആനുകൂല്യം കർഷകർ വായ്പയെടുത്തിട്ടുള്ള ബാങ്കുകളിൽ കൃത്യമായി എത്തുന്ന രീതിയിലുള്ള വ്യക്തമായ നിബന്ധനകളോടുകൂടി നടപ്പിലാക്കുകയും ചെയ്തത് ചെറുതായി കാണരുത്. കേന്ദ്ര നിയമമനുസരിച്ച് പ്രവർത്തിക്കുന്ന ദേശസാൽകൃത ഷെഡ്യൂൾഡ് ബാങ്കുകൾക്ക് സംസ്ഥാന നിയമസഭ പാസ്സാക്കിയ നിയമം ബാധകമല്ലാത്തതിനാൽ അതിന് പ്രത്യേക പദ്ധതികൾ ആവിഷ്ക്കരിക്കേതുണ്ട്. ഇന്ന് വയനാട്ടിലുള്ള കർഷകർക്കെല്ലാം എൻ.ആർ.ഇ.ജി.പി.യിലൂടെ സ്വയം തൊഴിൽ ചെയ്യാനുള്ള അവസരമുണ്ടാവുകയും അതിലൂടെ പട്ടിണി മരണം ഇല്ലാതാവുന്ന സാഹചര്യം സൃഷ്ടിക്കപ്പെടുകയും ചെയ്തിട്ടുണ്ടെങ്കിലും ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി കർഷകരുടെ അടിസ്ഥാനസൗകര്യ വികസനത്തിനുകൂടി വിനിയോഗിക്കാനുതകുന്ന വിധത്തിൽ പ്രാവർത്തികമാക്കിയാൽ കർഷകരെ ആത്മഹത്യയിൽ നിന്നും രക്ഷിക്കാൻ സാധിക്കും. കേന്ദ്രഗവൺമെന്റ് ജനോപകാരപ്രദമായ പല പദ്ധതികളും ആരംഭിച്ചതിന്റെ ഫലമായി രാജ്യം പടിപടിയായി വളർന്നിട്ടും സംസ്ഥാനം അതിനനുസരിച്ച് വളർന്നിട്ടില്ല. കൃഷിഭൂമി തുണ്ടവൽക്കരിക്കപ്പെട്ടതിന്റേയും ഉൽപ്പാദനം വർദ്ധിപ്പിക്കാനുള്ള പദ്ധതികളൊന്നും ആവിഷ്ക്കരിക്കാത്തതിന്റേയും പരിണതഫല

മാണിത്. തുണ്ടവൽക്കരിക്കപ്പെട്ട കൃഷിഭൂമിയിൽ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള ടെക്നോളജി നടപ്പാക്കണം. തൊഴിലുറപ്പു പദ്ധതി ഫലപ്രദമായി പ്രയോജനപ്പെടുത്തണം. പല മേഖലകളും യന്ത്രവൽക്കരിക്കേണ്ടതുണ്ട്. ബയോടെക്നോളജി മേഖലയിൽ കേരളം പുറകിലാണ്. ലോകത്തെ മുഴുവൻ ബാധിച്ചിരിക്കുന്ന ഭക്ഷ്യമാന്ദ്യത്തെ മറികടക്കേണ്ടത് അത്യാവശ്യമാണ്. കേരളത്തിലെ കർഷകരെ ബാധിക്കുന്ന പ്രശ്നങ്ങളിൽ കാര്യക്ഷമമായി ഇടപെടാൻ സാധിക്കണം.

<u>ശ്രീ. കോവൂർ കുഞ്ഞുമോൻ:</u> പ്രമേയത്തെ അനുകൂലിക്കുന്നു. കൃഷിക്കാരെ രക്ഷിക്കാൻ എപ്പോഴും ശ്രമിച്ചിട്ടുള്ളത് ഇടതുപക്ഷ മുന്നണി ഗവൺമെന്റായിരുന്നു. ഒരുപ്പൂ കൃഷി ചെയ്തുവന്നിരുന്ന കൃഷിയിടങ്ങളിൽ ഇരുപ്പൂ കൃഷിയിറക്കി കേരളത്തിലെ സമ്പദ് വ്യവസ്ഥയിൽ വമ്പിച്ച മാറ്റമുണ്ടാക്കാൻ സാധിച്ചു. ഇൻഡ്യയിലെ ദരിദ്രരായ കർഷകരെ രക്ഷിക്കാൻ അവരുടെ ജീവിതനിലവാരം മെച്ചപ്പെടുത്താൻ കേരളത്തിൽ ഒരു കർഷക കടാശ്വാസ കമ്മീഷന് രൂപം നൽകിക്കൊണ്ട് കാര്യക്ഷമമായി മുന്നോട്ടു പോകുന്നു. കർഷക കടാശ്വാസത്തിനു വേണ്ടിയുള്ള ഒരു കേന്ദ്ര നിയമം വന്നെങ്കിൽ മാത്രമേ രാജ്യത്താകമാനമുള്ള കർഷകരെ രക്ഷിക്കാൻ കഴിയുകയുള്ളൂ. അതിനുവേണ്ടി ഭരണകക്ഷി പ്രതിപക്ഷ വ്യത്യാസമില്ലാതെ ഒറ്റക്കെട്ടായി പ്രവർത്തിക്കണം. പ്രസ്തുത നിയമത്തിലൂടെ കേരളത്തിലെ കർഷകരോട് നിഷേധാത്മകമായ നിലപാട് സ്വീകരിക്കുന്ന നാഷണലൈസ്ഡ് ബാങ്കുകളെ വരുതിയിൽ നിർത്താൻ കഴിയണം. നെല്ലുല്പാദന മേഖലയിൽ കൊയ്ത്തുയന്ത്രം, മെതിയന്ത്രം തുടങ്ങിയവ പ്രയോജനപ്പെടുത്തണം. മെക്കനൈസേഷനിലൂടെ പുതിയ പുതിയ തൊഴിൽ മേഖലകൾ കണ്ടെത്താൻ സാധിച്ചിട്ടുണ്ട്. കേരളത്തിലെ കർഷകരേയും രാജ്യത്തെയും

രക്ഷിക്കാൻ കേന്ദ്രത്തിൽ ഒരു കർഷക കടാശ്വാസ കമ്മീഷൻ യാഥാർത്ഥ്യ മാക്കാൻ കൂട്ടായി പരിശ്രമിക്കണം.

ശ്രീ. ജോസഫ് എം. പുതുശ്ശേരി: പ്രമേയത്തെ എതിർക്കുന്നു. കാലഹരണപ്പെട്ടതും അപ്രസക്തമായതുമായ ഒരു പ്രമേയമാണ് അവതരിപ്പി ച്ചിരിക്കുന്നത്. സംസ്ഥാന കടാശ്വാസ കമ്മീഷൻ നോക്കുകുത്തിയായിരി ക്കുന്ന സന്ദർഭത്തിൽ പ്രസ്തുത പ്രമേയം അംഗീകരിക്കാൻ പാടില്ല. 2600 കോടി രൂപ അനുവദിച്ചുകൊണ്ട് കേരളത്തിലെ കാർഷിക വായ്പ എഴുതിത്തള്ളാനുള്ള നടപടി കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചെങ്കിലും യഥാർത്ഥ കർഷകർക്ക് ആനുകൂല്യം ലഭ്യമായിട്ടില്ല. 2001-ൽ യു.ഡി.എഫ്. ഗവൺമെന്റ് കാർഷിക കടങ്ങൾക്ക് മൊറൊട്ടോറിയം പ്രഖ്യാപിച്ചത് ബോധപൂർവ്വം ഗവൺമെന്റ് മറച്ചുവയ്ക്കാൻ ശ്രമിക്കുകയാണ്. കേന്ദ്ര ഗവൺമെന്റ് സബ്സിഡി നൽകി 6 ശതമാനം പലിശയ്ക്ക് കർഷകർക്ക് വായ്പ നൽകാൻ തീരുമാനിച്ചിരിക്കുകയാണ്. കർഷക കടാശ്വാസ കമ്മീഷന്റെ പേരുപറഞ്ഞ് കേന്ദ്രത്തിൽ ഒരു നിയമം ഉണ്ടാക്കണമെന്ന ആവശ്യവുമായി മുന്നോട്ടുപോകുന്നത് ശരിയല്ല

. കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ): കേന്ദ്രത്തിൽ കർഷക കടാശ്വാസ നിയമം കൊണ്ടുവരേണ്ടത് കർഷക സമൂഹത്തിന്റെ പ്രത്യേകമായ ഒരാവശ്യമായി നിലനിൽക്കുകയാണ്. പ്രസ്തുത ആവശ്യത്തിന് കക്ഷിരാഷ്ട്രീയം മാറ്റിവച്ച് എല്ലാവരും സഹകരിക്കണം. 2006-ൽ കേരള കർഷക കടാശ്വാസ നിയമം പാസ്സാക്കുമ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആവശ്യപ്പെട്ടത് അതിന്റെ വ്യാപ്തി വർദ്ധിപ്പി ക്കാൻ കേന്ദ്രം ഒരു മാതൃ നിയമമുണ്ടാക്കണമെന്നാണ്. പണമിടപാട് സംവിധാനത്തിൽ മഹാഭൂരിപക്ഷവും ഇൻഡ്യൻ പാർലമെന്റ് പാസ്സാക്കിയ

നിയമത്തിൻ കീഴിൽ റിസർവ്വ് ബാങ്കാണ് നിയന്ത്രിക്കുന്നത്. ആ സംവിധാനത്തിൽ ഇടപെടാനോ അത് നിയന്ത്രിക്കാനോ സംസ്ഥാന ഗവൺമെന്റിന് അധികാരമില്ല. കേരള കർഷക കടാശ്വാസ നിയമമനുസരിച്ച് സഹകരണ സ്ഥാപനങ്ങളിലും പ്രൈവറ്റ് മണി ലെൻഡേഴ്സിന്റെ പണമിടപാടിലും ഗവൺമെന്റിന് ഇടപെടാൻ പരിമിതിയുണ്ടെന്ന് എല്ലാവർക്കുമറിയാവുന്നതാണ്. ഷെഡ്യൂൾഡ് ബാങ്കുകളേയും വാണിജ്യ ബാങ്കുകളേയും നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരണമെങ്കിൽ കേന്ദ്ര നിയമം ആവശ്യമാണ്. 1997 മാർച്ച് 31-നു മുമ്പുള്ള വായ്പകൾക്ക് ഇത് ബാധകമല്ല. ഈ വായ്പകൾ കേന്ദ്ര കടാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന് സംസ്ഥാന ഗവൺമെന്റ് കേന്ദ്രഗവൺമെന്റിനോട് ആവശ്യപ്പെട്ടിരുന്നെങ്കിലും തീരുമാനമായിട്ടില്ല. ഇൻഡ്യയിലെ കയറ്റിറക്കുമതി രീതികൊണ്ട് ഏറ്റവും കൂടുതൽ നഷ്ടം സംഭവിച്ചത് കേരളത്തിലെ കൃഷിക്കാർക്കാണ്. കയറ്റിറക്കുമതി നയംകൊണ്ട് നഷ്ടം സഹിക്കുന്ന കർഷകരെ പ്രത്യേകമായി സഹായിക്കുന്നതിന് ഒരു കാലയളവിലെ കടം മാത്രം എഴുതിത്തള്ളുന്നത് അപര്യാപ്തമായി വരും. ശതശതമാനം, കുടിശ്ശിക നിവാരണം കേരളീയം പദ്ധതി വഴി ആനുകൂല്യം കിട്ടാതെ പോകുന്ന കൃഷികളെ കേരള കടാശ്വാസ കമ്മിഷന്റെ പരിധിയിൽപ്പെടുത്തി ആനുകൂല്യങ്ങൾ നൽകുന്ന കാര്യം സംസ്ഥാന സർക്കാർ ചർച്ച ചെയ്ത് തീരുമാനിക്കുന്നതാണ്. എടുത്ത കടങ്ങൾ കൃത്യമായി തിരിച്ചടയ്ക്കുന്നവർക്ക് ഒരു ശതമാനം സബ്സിഡി കൊടുക്കാൻ കേന്ദ്ര സർക്കാർ തീരുമാനിച്ചിട്ടുണ്ടെങ്കിലും കുറച്ചുകൂടി ആനുകൂല്യം കൊടുക്കേണ്ടത് ധാർമ്മിക പ്രശ്നമാണ്. കുടിശ്ശികക്കാരന് കേന്ദ്ര സർക്കാർ ആശ്വാസം അനുവദിച്ചില്ലെങ്കിൽ എന്ത് ചെയ്യണമെന്നുള്ളതിനെക്കുറിച്ച് ചർച്ച ചെയ്യാവുന്നതാണ്. കാർഷിക പ്രതിസന്ധി അഭിമുഖീകരിക്കുന്നതിന് കർഷക

കടാശ്വാസ നിയമം കേന്ദ്രത്തിൽ ഉണ്ടാകേണ്ടതുണ്ട്. ഇൻഡ്യൻ കാർഷിക മേഖലയിൽ വ്യത്യസ്ത മേഖലകളിൽ നിൽക്കുന്ന കർഷകർ അനുഭവിക്കുന്ന വിഷമങ്ങളെ പ്രത്യേകമായി സഹായിക്കാനുള്ള ഒരു ശാസ്ത്രീയ പഠന സംവിധാനമുണ്ടാകണം. കേരളത്തിലെ കാർഷിക കടാശ്വാസ പദ്ധതിയെ ബലപ്പെടുത്താനും അതിന്റെ വ്യാപ്തി വർദ്ധിപ്പിക്കാനും കർഷകരുടെ പ്രശ്നങ്ങൾ നേരിട്ട് മനസ്സിലാക്കാനും ആപത്ത് വരുന്ന സ്ഥലത്ത് ഇടപെടാനും കഴിയുന്ന ഒരു മാതൃ നിയമം കേന്ദ്ര സർക്കാർ ഉണ്ടാക്കേണ്ടത് അത്യാവശ്യമാണ്.

പ്രമേയം ശബ്ദ വോട്ടോടെ സഭ അംഗീകരിച്ചു.

(2) <u>കേന്ദ്രാവിഷ്കൃത പദ്ധതികൾ</u>

ശ്രീ. അൽഫോൺസ് കണ്ണന്താനത്തിനുവേണ്ടി (<u>ശ്രീ. എം. പ്രകാശൻ മാസ്റ്റർ)</u>: "കേന്ദ്ര ഗവൺമെന്റ് സംസ്ഥാനങ്ങൾക്ക് നേരിട്ട് ഗ്രാന്റ് വർദ്ധിപ്പിക്കുന്നതിനു പകരം കേന്ദ്രാവിഷ്കൃത പദ്ധതികൾ കൂടുതലായി പ്രഖ്യാപിക്കുന്ന പ്രവണത ശക്തിപ്പെടുകയാണ്. ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങൾ വ്യത്യസ്ത ജീവിത നിലവാരവും വ്യത്യസ്ത അടിസ്ഥാന സൗകര്യ വികസനവും വൈവിധ്യമാർന്ന പ്രശ്നങ്ങളും നിലവിലുള്ളവയാണ്. എന്നാൽ, സംസ്ഥാനങ്ങളുടെ ഈ വൈവിധ്യത്തെ പരിഗണിച്ചുകൊണ്ടുള്ള സമീപനമല്ല കേന്ദ്ര ഗവണ്മെന്റ് കേന്ദ്രാവിഷ്കൃത പദ്ധതികളിൽ സ്വീകരിക്കുന്നത്. കേന്ദ്രാവിഷ്കൃത പദ്ധതികളിൽ സംസ്ഥാനങ്ങളുടെ പ്രത്യേകതകളും പ്രശ്നങ്ങളും പരിഗണിക്കാതിരിക്കുന്നത് ഏറ്റവും വലിയ പ്രയാസമുണ്ടാക്കുന്നത് കേരള സംസ്ഥാനത്തിനാണ്. ജനസാന്ദ്രതയിലും, സേവന വികസനത്തിലും വലിയ മുന്നേറ്റമുണ്ടാക്കിയ ഈ സംസ്ഥാനത്തിന്റെ സവിശേഷതകൾ കേന്ദ്രാ

വിഷ്കൃത പദ്ധതികൾ പരിഗണിക്കുന്നതേയില്ല. വിവിധ മേഖലകളിൽ കേന്ദ്ര ഗവൺമെന്റ് നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളിലെ വ്യവസ്ഥകൾ അതത് സംസ്ഥാനത്തിന്റെ സവിശേഷതകൾ പരിഗണിച്ചുകൊണ്ട് മാറ്റം വരുത്തി നടപ്പിലാക്കാൻ കേന്ദ്ര ഗവൺമെന്റ് സന്നദ്ധമാകണമെന്ന് ഈ സഭ കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടുന്നു" എന്ന പ്രമേയം അവതരിപ്പിക്കുന്നു.

<u>ശ്രീ. പി. ജയരാജൻ</u>: പ്രമേയത്തെ പിന്താങ്ങുന്നു.

<u>ശ്രീ. എം. പ്രകാശൻ മാസ്റ്റർ</u>: വൈവിധ്യമാർന്ന സംസ്കാരവും പശ്ചാത്തല സൗകര്യങ്ങളുമുള്ള ഭാരതത്തിന്റെ ഭരണഘടനാ സംവിധാനത്തിന്റെ ഫെഡറൽ ഘടന ശക്തിപ്പെടുത്തുക എന്നുള്ളതാണ് ഏറ്റവും ഫലപ്രദമായ മാർഗ്ഗം. അതിന് അധികാര വികേന്ദ്രീകരണമാണ് ആവശ്യം. അധികാര വികേന്ദ്രീകരണമെന്ന ആശയത്തോട് കേന്ദ്ര സർക്കാർ യോജിക്കുന്നുണ്ടെങ്കിലും അതിനെ ഗൗരവമായ നിലയിൽ അംഗീകരിക്കുന്നുവെന്ന് പറയാൻ കഴിയുകയില്ല. അധികാര വികേന്ദ്രീകരണത്തിൽ സംസ്ഥാന സർക്കാരിന് വ്യക്തമായ ധാരണയുണ്ട്. നാണയ വ്യവസ്ഥ, പ്രതിരോധം, വിദേശം തുടങ്ങിയ തന്ത്രപ്രധാനമായ ദേശീയ തലത്തിൽ നിർണ്ണയിക്കേണ്ടിവരുന്ന കാര്യങ്ങളൊഴിച്ച് മറ്റെല്ലാ കാര്യങ്ങളുടെയും ചുമതല താഴെ തട്ടിലേയ്ക്ക് കൊടുക്കുന്നതിന് കേന്ദ്ര സർക്കാർ സന്നദ്ധമാകണം. കോൺഗ്രസ് അധികാര വികേന്ദ്രീകരണത്തിന് എതിരാണെന്ന് മാത്രമല്ല കിട്ടിയിരിക്കുന്ന അധികാരത്തെ അധികാര കേന്ദ്രീകരണത്തിനു വേണ്ടി ഉപയോഗിക്കുകയാണ്. കേരളത്തിന് അനുയോജ്യമല്ലാത്ത പദ്ധതികൾ നിരന്തരമായി അനുവദിക്കുന്നതുകൊണ്ട് സംസ്ഥാനം പൊറുതിമുട്ടുക

യാണ്. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഭാഗമായി അനുവദിക്കുന്ന സംഖ്യ ഗ്രാന്റായോ പദ്ധതി വിഹിതമായോ നൽകണം. സംസ്ഥാനത്തിന്റെ സവിശേഷമായ സാഹചര്യങ്ങൾ പരിഗണിച്ച് കേന്ദ്രാവിഷ്കൃത പദ്ധതികൾ അനുവദിക്കുന്നതിന് കേന്ദ്ര മന്ത്രിമാരെയും എം.പി. മാരെയും പങ്കെടുപ്പിച്ച് ചർച്ച നടത്തണം. കേന്ദ്ര-സംസ്ഥാന ധനകാര്യ ബന്ധങ്ങളിലെ അസന്തുലിതാവസ്ഥ അവസാനിപ്പിക്കണം. സംസ്ഥാനങ്ങളുടെ സാമ്പത്തിക സ്വയം ഭരണാധികാരം ഇല്ലാതാക്കാനും ബഹുരാഷ്ട്ര കുത്തക കമ്പനികൾക്കനുകൂലമായ പരിഷ്ക്കാരങ്ങൾ വരുത്താനുമുള്ള കേന്ദ്ര നിലപാടിനെ ചെറുക്കണം. സംസ്ഥാനത്തിന് കൈമാറുന്ന കേന്ദ്ര വിഹിതത്തിന്റെ 35 ശതമാനവും കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി വിനിയോഗിക്കുന്ന നില മാറ്റണം. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ എണ്ണം പരിമിതപ്പെടുത്തണം. സാമൂഹ്യ ക്ഷേമ പരിപാടികളിൽ ഏറ്റവും മുന്നിൽ നിൽക്കുന്ന കേരളത്തിൽ കേന്ദ്രം അനുശാസിക്കുന്ന മാനദണ്ഡങ്ങളിൽ മാറ്റം വരുത്തണം. സംസ്ഥാനത്തിന് അനുവദിക്കുന്ന ഗ്രാന്റ് വിഹിതത്തിൽ വർദ്ധനവ് വരുത്തുന്നതിനുപകരം കേന്ദ്രാവിഷ്കൃത പദ്ധതികൾ കൂടുതലായി ആവിഷ്ക്കരിക്കുന്ന സമീപനം തിരുത്തണം. സവിശേഷ സാഹചര്യങ്ങൾ നേരിടുന്ന സംസ്ഥാനമെന്ന നിലയിൽ കേന്ദ്രാവിഷ്കൃത പദ്ധതികളിലെ വ്യവസ്ഥകളിൽ മാറ്റം വരുത്തണം.

ശ്രീ. എം. ഹംസ: പ്രമേയത്തെ പിന്താങ്ങുന്നു. ശക്തമായ കേന്ദ്രവും ശക്തമായ സംസ്ഥാനവും എന്ന സങ്കൽപ്പം യാഥാർത്ഥ്യമാക്കുന്നതിനുള്ള ആഗ്രഹത്തതിന്റെ അടിസ്ഥാനത്തിൽ അവതരിപ്പിക്കപ്പെട്ട പ്രമേയത്തെ എല്ലാവരും സ്വാഗതം ചെയ്യുകയും അംഗീകരിക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു. കേന്ദ്ര ഗവൺമെന്റ് സംസ്ഥാനങ്ങൾക്ക് നൽകുന്ന ഗ്രാന്റുകൾ കുറയ്ക്കുകയും കേന്ദ്രാവിഷ്കൃത പദ്ധതികൾ വർദ്ധിപ്പിച്ചു

കൊണ്ടിരിക്കുകയുമാണ്. സംസ്ഥാനത്തിന് നൽകുന്ന വിഹിതത്തിൽ 30.5 ശതമാനം ഗ്രാന്റായും 30.5 ശതമാനം കേന്ദ്രാവിഷ്കൃത പദ്ധതികളുമായാണ് വിതരണം ചെയ്തുകൊണ്ടിരിക്കുന്നത്. കേന്ദ്രാവിഷ്കൃത പദ്ധതിക്കുവേണ്ടി വിതരണം ചെയ്യുന്ന തുക കേരളത്തിന് അനുയോജ്യമായ വിധത്തിൽ വിനിയോഗിക്കാൻ കഴിയാത്ത അവസ്ഥയാണുള്ളത്. 9-ാം പഞ്ചവത്സര പദ്ധതിയുടെ തുടക്കത്തിൽ പദ്ധതിയുടെ 36 ശതമാനം ത്രിതല പഞ്ചായത്തുകൾക്ക് നൽകിക്കൊണ്ട് അധികാര വികേന്ദ്രീകരണത്തിന് കേരളം മാതൃകയായി. കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് ധനകാര്യ കമ്മീഷനുകളിലൂടെ നൽകിക്കൊണ്ടിരിക്കുന്ന തുക കുറച്ചുകൊണ്ടിരിക്കുകയാണ്. യു.ഡി.എഫ്. ഭരണകാലത്ത് കേന്ദ്രാവിഷ്കൃത പദ്ധതിയിലൂടെ 1116 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കിയപ്പോൾ നിലവിലുള്ള സർക്കാർ 3 വർഷംകൊണ്ട് 1282 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കി.

(ചർച്ച തുടരും)

(സഭ ഉച്ചയ്ക്കുശേഷം 12.30-ന് പിരിഞ്ഞു.)